I/146120/2023

Transport Commissionerate
2nd Floor, Trans Towers, Thycaud.P.O.,
Vazhuthacaud,Thiruvananthapuram - 695014
ph: 0471-2333317,2333337
e-mail:tcoffice.mvd@kerala.gov.in
Dated:25-08-2023

From,

The Transport Commissioner,
Kerala, Thiruvananthapuram

To,

1. All Deputy Transport Commissioners,
2. All Regional Transport Officers
3. All Joint Regional Transport Officers
4. All Chekpost MVIs

Sir,

Sub: മോട്ടോർ വാഹന വകുപ്പ് — മറ്റ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ആൾ ഇന്ത്യ ടൂറിസ്റ് ബസുകളുടെ നികുതി- ബഹു.സുപ്രിംകോടതിയുടെ ഇടക്കാല ഉത്തരവ് — നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്.

Ref: 1. ഈ ഓഫീസിൽ നിന്നുള്ള 19/10/2022 തീയതിയിലെ സർക്കുലർ നം. 9/2022
2. ശ്രീ.സനിത്ജൻ ഫയൽ ചെയ്ത WP(C ) 756/2023 നമ്പർ കേസിന്മേൽ ബഹു. സുപ്രിംകോടതിയുടെ 31.07.2023 തീയതിയിലെ ഇടക്കാല ഉത്തരവ്.
3. സ്വാമി അയ്യപ്പ ട്രാവത്സ് ഫയൽ ചെയ്ത WP (C ) 638/2023 നമ്പർ കേസിന്മേൽ ബഹു. സുപ്രിംകോടതിയുടെ 14.07.2023 തീയതിയിലെ ഇടക്കാല ഉത്തരവ്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത്, All India Tourist (Permit & Authorization )Rule 2021, All India Tourist (Permit) Rule 2023 എന്നിവ പ്രകാരം പെർമിറ്റ് എടുത്ത വാഹനങ്ങൾ കേരളത്തിലേക്ക് പ്രവേശിക്കുമ്പോൾ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമ പ്രകാരമുള്ള നികുതി ഒടുക്കണമെന്ന് സൂചന(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ചില വാഹന ഉടമകൾ ബഹു. സുപ്രിംകോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. സുപ്രിംകോടതിയിൽ കേസ് ഫയൽ ചെയ്ത പെറ്റീഷണർമാരിൽ നിന്നും നികുതി എടുക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് സൂചന(2),(3) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ ബഹു.സുപ്രിംകോടതിയിൽ നിന്ന് സ്റ്റേ ലഭിച്ച വാഹന ഉടമകളുടെ ഓൾ ഇൻഡ്യാ ടൂറിസ്റ്റ് വാഹനങ്ങൾ, ചെക്ക് പോസ്റ്റ് വഴി സംസ്ഥാനത്ത് പ്രവേശിക്കുമ്പോൾ തൽക്കാലം നികുതി ഈടാക്കുവാൻ പാടില്ല എന്നറിയിക്കുന്നു. നികുതി ഒഴിവാക്കി പ്രവേശനം അനുവദിക്കപ്പെട്ട ടി വാഹനങ്ങളുടെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി

I/146120/2023

സൂക്ഷിക്കേണ്ടതാണ്. എന്നാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഓൾ ഇൻഡ്യാ പെർമിറ്റ് എടുത്ത മറ്റ് വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കിയ ശേഷമേ വാഹനങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിവിടാൻ പാടുള്ളൂ.

നികുതി ഒഴിവാക്കി കൊടുത്തതും നികുതി ഈടാക്കിയതുമായ വാഹനങ്ങളുടെ വിശദാംശങ്ങൾ 05/09/2023-നു മുൻപ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അതാത് ഡി.ടി.സി കൾ പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

സൂചന (2),(3) പ്രകാരമുള്ള സുപ്രിം കോടതി ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
K Manojkumar
Date: 25-08-2023 17:01:21

Yours faithfully

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA